(ബി) കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ കൃഷി ഭവനുകളിൽ സജ്ജീകരിച്ചിട്ടില്ല. കൃഷി ഭവനിൽ ഇപ്പോൾ സംഭരിച്ചുകൊണ്ടിരിക്കുന്ന പച്ച നാളികേരം ഉടനെതന്നെ കേരഫെഡ് ശേഖരിച്ച് കൊപ്രയാക്കി മാറ്റുകയാണ് ചെയ്തുവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

109 (7406) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ ഘടന വിശദീകരിക്കാമോ ;

(ബി) അഗ്രോ സർവ്വീസ് സെന്റർ ഒന്നിന് പ്രതിവർഷം എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഓരോ അഗ്രോ സർവ്വീസ് സെന്ററുകളും 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ അഗ്രോ സർവ്വീസ് സെന്ററിലും ഐ.റ്റി.ഐ., വി.എച്ച്.എസ്.എ., എസ്.എസ്.എൽ.സി. എന്നീ യോഗ്യതയുള്ള 5 പേർ വീതം (കുറഞ്ഞത്) അംഗങ്ങളായിരിക്കും. സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർ/കൃഷി ഓഫീസർ ആണ് സെന്ററിന്റെ ഫെസിലിറ്റേറ്റർ. അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു. താഴെപ്പറയുന്നവർ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളാണ്.

1. അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രസിഡന്റ്
2. സെക്രട്ടറി
3. സഹകരണ ബാങ്ക് പ്രസിഡന്റ്
4. കൃഷി അസിസ്റ്റന്റ് ഡയറക്ടർ
5. കൃഷി ഓഫീസർ

(ബി) യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും പ്രാരംഭ ചെലവുകൾക്കായി 7 ലക്ഷം രൂപയും ചേർത്ത് മൊത്തം 32 ലക്ഷം രൂപ ഓരോ അഗ്രോ സർവ്വീസ് സെന്ററിനും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly